**ആസ്ഥാനകാര്യാലയം,**
**ജയിൽ വകുപ്പ്, കേരളം**
**പൂജപ്പുര, തിരുവനന്തപുരം 12**

: 0471 2342532 @: keralaprisons@gov.in

**നടപടികൾ**

വിഷയം : ജയിലുകൾ – ആസ്ഥാനകാര്യാലയം - ജീവനക്കാര്യം- Right to Information Act, 2005 – ജയിലാസ്ഥാനകാര്യാലയത്തിലെ State Public Information Officer (SPIO) – നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) സ.ഉ.(സാധാ) നം.2147/2026/Home തീയതി 25.06.2026.
(2) Right to Information Act, 2005-ലെ വകുപ്പ് 5(1).

**ഉത്തരവ് നം : KPCS/3532/2026-E1 തീയതി: 30-06-2026**

Right to Information Act, 2005 പ്രകാരം ജയിലാസ്ഥാനകാര്യാലയത്തിൽ State Public Information Officer (SPIO) ആയി പ്രവർത്തിച്ചിരുന്ന പി.എ. ടു ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ആയിരുന്ന ശ്രീമതി പ്രീത വി.എസ്.-ന് പരാമർശം (1) പ്രകാരം ചീഫ് ഓഡിറ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് നിയമിതയായിട്ടുണ്ട്.

2. നിലവിൽ ശ്രീമതി. കൃഷ്ണജ കെ. പി.എ. ടു ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് 27/06/2026 തീയതിയിൽ ചുമതലയേറ്റിരിക്കുന്നതിനാൽ, പരാമർശം (2) പ്രകാരമുള്ള അധികാരം വിനിയോഗിച്ച്, **പി.എ. ടു ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ശ്രീമതി കൃഷ്ണജ കെ.- യെ ജയിലാസ്ഥാനകാര്യാലയത്തിന്റെ State Public Information Officer (SPIO)** ആയി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. ശ്രീമതി. പ്രീത വി.എസ്. കൈവശം ഉണ്ടായിരുന്ന RTI സംബന്ധമായ എല്ലാ ഫയലുകളും രജിസ്റ്ററുകളും അപേക്ഷകളും അനുബന്ധ രേഖകളും പുതുതായി നിയമിതയായ State Public Information Officer-ന് യഥാവിധി കൈമാറേണ്ടതാണ്.

DINESH B
DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ് : (1) ശ്രീമതി കൃഷ്ണജ കെ., പി.എ. ടു ഡി.ജി.പി. & സി.എസ്.
(2) ശ്രീമതി പ്രീത വി.എസ്., ചീഫ് ഓഡിറ്റ് ഓഫീസർ.

പകർപ്പ് : **1)** ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

2) ടെക്നിക്കൽ സെൽ (വെബ്സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിനുമായി).

Digitally signed by
Dinesh Bhagavathi Pillai
Date: 30-06-2026
13:42:25